**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1151** **27-07-2021 - ൽ മറുപടിയ്ക്ക്**

**പോളി ടെക്നിക്കുകളിൽ പുതിയ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ജോലി ലഭ്യതയുള്ള ഏതെല്ലാം പുതിയ കോഴ്സുകളാണ് പോളിടെക്നിക്കുകളിൽ ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ തൃശ്ശൂർ സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജിൽ സിവിൽ എഞ്ചിനീയറിംഗ് കോഴ്സും പുറപ്പുഴ സർക്കാർ പോളിടെക്നിക്ക് കോളേജിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് കോഴ്സും 2021-22 ൽ ആരംഭിച്ചിട്ടുണ്ട്. ഡിപ്ലോമ കരിക്കുലം കാലാനുസൃതമായി പരിഷ്കരിച്ച് തൊഴിൽ സാധ്യത ഉറപ്പ് വരുത്തുന്നുമുണ്ട്. കൂടാതെ ഷൊർണ്ണൂർ സർക്കാർ പോളിടെക്നിക്ക് കോളേജ് & ഐ.പി.ടി., പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക്ക് കോളേജ്, എം. ടി.ഐ തൃശ്ശൂർ, കോട്ടയം സർക്കാർ പോളിടെക്നിക്ക് കോളേജ് , അറ്റിങ്ങൽ സർക്കാർ പോളിടെക്നിക്ക് കോളേജ് എന്നിവിടങ്ങളിൽ ഡി. വോക് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പെരുമ്പാവൂർ സർക്കാർ പോളിടെക്നിക്ക് കോളേജിൽ പുതിയ കോഴ്സുകളായ Cyber Forensic & Information Security , Mechatronics എന്നിവയും കോഴിക്കോട് വനിതാ പോളിടെക്നിക്ക് കോളേജിൽ Cyber Forensic & Information Security എന്ന കോഴ്സും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കുന്നംകുളം ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ ആധുനിക കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | കുന്നം കുളം സർക്കാർ പോളിടെക്നിക്ക് കോളേജിൽ ആധുനിക കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പുതിയ പ്രൊപ്പോസൽ ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ